**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **30-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്നും, എത്ര വിദ്യാർത്ഥികളാണ് പഠിക്കുന്നതെന്നും, ഇത്തരം സ്കൂളുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അന്ധ/ബധിര-മൂക വിദ്യാലയങ്ങൾ സർക്കാർ - മേഖലയിൽ 7 ഉം എയിഡഡ് മേഖലയിൽ 36 ഉം അൺ എയിഡഡ് മേഖലയിൽ 2 ഉം എന്ന ക്രമത്തിൽ ആകെ 45 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2020-2021 വർഷത്തെ കണക്കുകൾ പ്രകാരം പ്രസ്തുത വിദ്യാലയങ്ങളിലായി 3046 കുട്ടികൾ പഠിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ അന്ധ/ബധിര- മൂക വിദ്യാലയങ്ങളിലെ ബോർഡിംഗിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് മാസംതോറും ബോർഡിംഗ് ഗ്രാന്റ് കൂടാതെ യൂണിഫോം അലവൻസ്, സ്കൂൾ റികിസ്റ്റ് അലവൻസ് എന്നിവയും അനുവദിച്ചു നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പ് അംഗീകാരം / രജിസ്ട്രേഷൻ നൽകുന്ന അൺ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിൽ, 2021-2022 വർഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ അപേക്ഷകൾ പ്രകാരം 314 സ്പെഷ്യൽ സ്കൂളുകളിലായി ഏകദേശം 25,605 കുട്ടികൾ പഠിക്കുന്നുണ്ട്. പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന ഗ്രാന്റ് അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ ടി വിദ്യാർത്ഥികൾ വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഡിസേബിൾഡ് ആയിട്ടുള്ള എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുവെന്നും, അവർക്ക് നൽകിവരുന്ന | (ബി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 42632 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. |

| | | |
|---|---|---|
| | സേവനങ്ങളും, സൗകര്യങ്ങളും, ധനസഹായങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | ഭിന്നശേഷി മേഖലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൂളുകളിൽ അക്കാദമിക പിന്തുണ നൽകുന്നതിനായി എലിമെന്ററി വിഭാഗത്തിൽ 1521 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും സെക്കന്ററി വിഭാഗത്തിൽ 1365 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും സമഗ്ര ശിക്ഷ കേരള നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷി കുട്ടികൾക്കാവശ്യമായ തെറാപ്പി സർവീസുകൾ അതുപോലെ വിവിധ തരത്തിലുള്ള അലവൻസുകൾ എന്നിവ നിശ്ചയിക്കുകയും തുടർന്ന് കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. മെഡിക്കൽ ക്യാമ്പിൽ നിശ്ചയിച്ചിട്ടുള്ള സഹായ ഉപകരണങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങി ബി.ആർ.സികൾ വഴി കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ കുട്ടികൾക്ക് തെറാപ്പി സർവീസും അക്കാദമിക അധിക പിന്തുണ നൽകാൻ വേണ്ടി കേരളത്തിലെ 168 ബി.ആർ.സി. കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ കുട്ടികൾക്കാവശ്യമായ അക്കാദമിക പിന്തുണയും മെഡിക്കൽ സേവനങ്ങളും, തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് കൂടുതൽ ആരോഗ്യപരമായ സേവനങ്ങൾ നൽകുന്നതിനായി പഞ്ചായത്തിൽ മിനിമം 1 ക്രമത്തിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് അവ ശാക്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. തീവ്ര പരിമിതി അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിദ്യാലയങ്ങളിൽ 60 ആയമാരുടെയും ഓട്ടിസം സെന്ററുകളിൽ 168 ആയമാരുടെയും സേവനം നൽകി വരുന്നു. രക്ഷിതാക്കൾക്കായി പ്രത്യേകം കൗൺസിലിങ്ങും അതുപോലെ തന്നെ അവരുടെ കുട്ടികളുടെ സോഷ്യലൈസേഷന്റെ ഭാഗമായി നിരവധി പരിപാടികൾ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും, സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി റിസോഴ്സ് സെന്ററുകൾ സർക്കാർ സ്കൂളുകളിൽ നിർമ്മിച്ചിട്ടുണ്ട്. ബി.ആർ.സി. കളുടെ നേതൃത്വത്തിൽ റിസോഴ്സ് സെന്ററുകൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കുന്നുണ്ട്. കൂടാതെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികളും പഠന ബോധന |

ഉപകരണങ്ങളുടെ സഹായത്തോടെ അക്കാദമിക പിന്തുണയും നൽകി വരുന്നു. അവശ്യം വേണ്ട സെന്ററുകളിൽ തെറാപ്പി സേവനം ഉൾപ്പെടെ ഭിന്നശേഷിയുടെ സ്വഭാവം അനുസരിച്ച് വിവിധതരം സേവനങ്ങൾ ലഭ്യമാക്കുന്നു.

അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, ഗേൾസ് സ്റ്റൈപന്റ് എന്നിവ നൽകുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം നൽകി വരുന്നു. അവധി ദിവസങ്ങളിലും ആഘോഷ ദിവസങ്ങളിലും കിടപ്പിലായ കുട്ടികളുടെ വീടുകളിലെത്തി പഠനത്തിലും വിനോദത്തിലും ഏർപ്പെടുന്നതിനായി സമപ്രായക്കാരുടെ 'ചങ്ങാതിക്കൂട്ടം' വീടുകളിൽ എത്തുന്നു. മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, പ്രിൻസിപ്പൽ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ്, പാരന്റ്സ് എന്നിവർക്കായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വീഡിയോ പാഠങ്ങൾ, ശബ്ദ പാഠങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കി www.ssakerala.in/ie എന്ന വെബ്സൈറ്റിലൂടെ നൽകി വരുന്നു. ടി.എൽ.എം, ബ്രെയ്-ലി സ്റ്റേഷനറി മെറ്റീരിയൽസ്, ലാർജ് പ്രിന്റ് ടെക്സ്റ്റ് ഇൻസ്ട്രക്ഷണൽ & ട്രെയിനിംഗ് മെറ്റീരിയൽസ് എന്നിവ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ടു (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ [40 ശതമാനമോ അതിലധികമോ വൈകല്യമുള്ള (കാഴ്ചവൈകല്യം (VI), ശ്രവണവൈകല്യം (HI), ബുദ്ധിവൈകല്യം (MR, Autism), അസ്ഥി സംബന്ധമായ വൈകല്യം (OH, CP, LMD) എന്നീ വിഭാഗം] കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. ഇത് സർക്കാരിന്റെ ഒരു തുടർ പദ്ധതിയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് വഴി നൽകി വരുന്ന ഈ സാമ്പത്തിക സഹായം സ്റ്റേറ്റ് പ്ലാൻ (2202-02-109-70 എന്ന ഹെഡ്ഡിൽ നിന്നും) ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. സാമ്പത്തിക

| | | | |
|---|---|---|---|
| | | | സഹായമായി നൽകി വരുന്ന ഈ തുക കാലാനുസൃതമായി വർദ്ധിപ്പിച്ച നൽകുന്നുണ്ട്.<br><br>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കി വരുന്നു. കാഴ്ചവൈകല്യം, ശ്രവണ വൈകല്യം എന്നീ വിഭാഗങ്ങളിലുള്ളവർക്കായി സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ച വരുന്നു.<br><br>ഇതിനു പുറമേ 21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതു പരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങൾ ഉള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ